പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1236 | 30. 09. 2011 ലെ മറുപടിക്ക്

## നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസിൽ ഡി.പി.സി. കൂടുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) | |
| എ) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/ ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ/ഡെപ്യൂട്ടി ഡയറക്ടർ/ ജോയിന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ ഓരോന്നിനും എത്ര ഒഴിവുകൾ വീതം നിലവിലുണ്ട്; എന്ന് മുതലാണ് ഇത് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; | എ) | 01/04/2011 മുതൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ 1ഉം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ 3ഉം ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികയിൽ 6ഉം ഒഴിവുകൾ നിലവിലുണ്ട്. എന്നാൽ ഉദ്യോഗ കയറ്റം നൽകുന്ന മുറയ്ക്ക് ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകളിൽ 1,4,10,10 എന്നീ ക്രമത്തിൽ ഒഴിവുകൾ ഉണ്ടാകും. |
| ബി) | പ്രസ്തുത തസ്തികകളിലേയ്ക്ക് ഡി.പി.സി. കൂടിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് കാരണമെന്താണെന്ന് വെളിപ്പെടുത്താമോ; | ബി) | ജോയിന്റ് ഡയറക്ടർ തസ്തിക ഒഴികെ മറ്റെല്ലാ തസ്തികകൾക്കുമുള്ള ഡി.പി.സി. കൂടിയിട്ടുണ്ട്. ജോയിന്റ് ഡയറക്ടർ തസ്തികയ്ക്കുള്ള ഡി.പി.സി കൂടുന്നത് സംബന്ധിച്ച നടപടികൾ നടന്നു വരുന്നു. |
| സി) | യോഗ്യരായവരുടെ പ്രമോഷൻ താമസിപ്പിക്കാൻ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടോ; വെളിപ്പെടുത്താമോ; | സി) | ഇല്ല. |
| ഡി) | ഈ കാലതാമസം മൂലം പൊതുജനങ്ങൾക്കും, മറ്റ് ജീവനക്കാർക്കും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിയ്ക്കുന്നതിനും ഡി.പി.സി. ഉടൻ കൂടുന്നതിനും നടപടി സ്വീകരിക്കുമോ ? | ഡി) | ഉണ്ട്. നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ